

# തിലാപ്പിയയ്ക്ക് വൈറസ് ഭീഷണി



● പി. എ. വികാസ്,
ഷിനോജ് സുബ്രഹ്മണ്യൻ

മത്സ്യ ഉൽപാദനത്തിൽ ലോകത്തു രണ്ടാം സ്ഥാനമാണ് തിലാപ്പിയയ്ക്കുള്ളത്. പ്രതിവർഷം 40-60 ടൺ ആണ് ഉൽപാദനം. ഇസ്രയേൽ, ഇക്വഡോർ എന്നീ രാജ്യങ്ങളിൽ 2014-ൽ അതിസാന്ദ്രതാരീതിയിൽ മത്സ്യക്കൃഷി നടത്തിയ കുളങ്ങളിൽ രോഗബാധമൂലം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങി. രോഗകാരി ഒരു വൈറസാണെന്നു പഠനത്തിൽ കണ്ടു. ഇതിന് 'തിലാപ്പിയ ലേക്ക് വൈറസ്' എന്നാണു പേരിട്ടത്. ഓർത്തോമിക്സോ വിറിഡേ എന്ന വിഭാഗത്തിൽ പെടുന്ന ഈ വൈറസ് ബാധിച്ചാൽ അധികം വൈകാതെതന്നെ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നു. ചെറിയ മത്സ്യങ്ങളെ വളരെവേഗം രോഗം ബാധിക്കും. ശുദ്ധ ജലാശയത്തിൽ വളരുന്ന തിലാപ്പിയയിലും ഓരുജലാശയത്തിൽ വളരുന്ന മത്സ്യങ്ങളിലും ഈ രോഗബാധയ്ക്കു സാധ്യതയുണ്ട്.

## രോഗലക്ഷണങ്ങൾ

വൈറസ് ബാധിച്ച മത്സ്യങ്ങളുടെ കണ്ണുകൾ തിമിരം ബാധിച്ചതുപോലെ വെളുത്ത നിറത്തിൽ കാണപ്പെടുന്നു. അസുഖം കൂടുന്ന സമയത്ത് കണ്ണുകൾ വീർക്കുകയും ദേഹത്ത് വ്രണങ്ങൾ ഉണ്ടാകുകയും അതിലൂടെ രക്തം വരികയും ചെയ്യുന്നതു കാണാം.

രോഗമുള്ള മത്സ്യങ്ങൾ തീറ്റയെടുക്കുന്നതു കുറയും. കുളങ്ങളുടെ അരികിലൂടെ വളരെ സാവധാനത്തിലാകും നീന്തൽ. വേനൽക്കാലത്ത് /ചൂട് കൂടുന്ന സമയത്ത് രോഗബാധയ്ക്കു സാധ്യതയേറുന്നു.

## രോഗം സ്ഥിരീകരിക്കൽ

റിവേഴ്സ് ട്രാൻസ്ക്രിപ്റ്റെസ്സ് പിസിആർ എന്ന നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് രോഗം സ്ഥിരീകരിക്കുന്നത്. ലക്ഷണങ്ങൾ കാണുന്നതിനു മുൻപ് ഈ പരിശോധന നടത്തിയാലും വൈറസ് രോഗം ഉണ്ടോ എന്നു മനസ്സിലാക്കാം.

## പ്രതിരോധം

വൈറസ് രോഗമായതിനാൽ ചികിത്സയില്ല. അതിനാൽ രോഗം വരാതെ നോക്കണം. ഇതിനായി കൃഷിചെയ്യുന്ന കുളങ്ങളിലെ താപനില ക്രമാതീതമായി ഉയരാതെ നോക്കണം. ഇതിനായി വിപണിയിൽ ലഭ്യമായ പച്ചനിറത്തിലുള്ള തണൽ വല (80 ശതമാനം) ഉപയോഗിക്കാം. കുളത്തിൽ അവശിഷ്ടങ്ങൾ അടിഞ്ഞുകൂടി അമോണിയ പോലുള്ള വിഷലിപ്ത പദാർഥങ്ങൾ ഉണ്ടാകാതെ നോക്കണം.

ഇതിന് കൃത്രിമ തീറ്റ ആവശ്യാനുസരണം മാത്രം നൽകി അവശിഷ്ടങ്ങൾ ദിവസവും മാറ്റുന്നതിനുള്ള സൗകര്യം ഒരുക്കണം. കൂടാതെ, കുളത്തിലെ ഓക്സിജന്റെ അളവ് 5 പിപിഎ യിൽ കുറയാതെ നോക്കണം. ഇതിനായി എയറേറ്റർപോലുള്ള സംവിധാനം ഉപയോഗിക്കണം. കൂടാതെ, ഏതെങ്കിലും മത്സ്യത്തിന് രോഗലക്ഷണം കണ്ടുകഴിഞ്ഞാൽ അതിനെ എത്രയും പെട്ടെന്ന് കൂട്ടത്തിൽനിന്നു പിടിച്ചു മാറ്റണം. എന്തെന്നാൽ രോഗം ബാധിച്ച മത്സ്യങ്ങളുടെ കണ്ണിലും തലച്ചോറിലും കരളിലുമാണ് ഏറ്റവുമധികം വൈറസുകൾ കാണുക. ഈ മത്സ്യങ്ങളിൽനിന്ന് വേഗം മറ്റുള്ളവയിലേക്കു രോഗം പടരും. അതിനാൽ രോഗമുള്ളവയെ കണ്ട കുളങ്ങളിൽനിന്ന് മത്സ്യങ്ങളെ ഒരു കാരണവശാലും മത്സ്യം വളർത്തുന്ന മറ്റു കുളങ്ങളിലേക്കു മാറ്റരുത്.

ഗുണമേന്മ ഉറപ്പു വരുത്തുന്ന സ്ഥലങ്ങളിൽനിന്നുമാത്രം കുഞ്ഞുങ്ങളെ വാങ്ങുക. കുഞ്ഞുങ്ങളെ കുളത്തിൽ നിക്ഷേപിക്കുന്നതിന് മുൻപ് രോഗം ഒഴിവാക്കാൻ വേണ്ട മുൻകരുതലെടുക്കുക.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വൈറസ് രോഗമായതിനാൽ ചികിത്സയില്ല. അതുകൊണ്ടുതന്നെ അനാവശ്യ മരുന്നുകൾ നൽകരുത്. രോഗം വരാതെ നോക്കുകയാണ് പ്രധാനം. ഇതിനായി കൃഷിയിടത്തിന്റെ ശുചിത്വം, കുഞ്ഞുങ്ങളുടെ ആരോഗ്യപരിപാലനം, വെള്ളത്തിന്റെ ഗുണനിലവാരം എന്നിവ ഉറപ്പു വരുത്തണം.

*വിലാസം: എറണാകുളം ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം, ഞാറയ്ക്കൽ.*
*ഫോൺ : 0484 - 2492450*